**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5520** **15-03-2023 - ൽ മറുപടിയ്ക്ക്**

**മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്; മണ്ഡലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2022-23 സാമ്പത്തിക വർഷം മാതൃകമൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനതലത്തിൽ 14 ജില്ലകളിലെയും 14 പഞ്ചായത്തുകളിലാണ് മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി വഴി മൃഗസംരക്ഷണ മേഖലയിലെ തദ്ദേശീയമായി രൂപപ്പെട്ട് വരുന്ന പ്രോജക്ടുകൾക്ക് വകുപ്പിന്റെ ധന സഹായമായ 5 ലക്ഷം രൂപ വീതം നൽകുന്നു. ടി പദ്ധതിയിലേയ്ക്ക് അതത് പഞ്ചായത്തുകൾക്ക് വേണമെങ്കിലും വിഹിതം നൽകാം. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിങ്ങനെ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളാണ് മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. |
| (സി) | പദ്ധതി പ്രകാരം നിലവിൽ എത്ര പ്രോജക്ടുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ; | (സി) | ടി പദ്ധതിക്കായി പഞ്ചായത്തിനെ തെരഞ്ഞെടുക്കുന്നത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലാണ്. |
| (ഡി) | പിറവം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | 2022-23 സാമ്പത്തിക വർഷം പിറവം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല. |
| (ഇ) | പ്രസ്തുത പദ്ധതി അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (ഇ) | സംസ്ഥാനതലത്തിൽ 14 ജില്ലകളിലെയും 14 പഞ്ചായത്തുകളിലാണ് മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. ഓരോ ജില്ലയിലും ജില്ലാമൃഗസംരക്ഷണ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ വെറ്ററിനറി ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയാണ് പദ്ധതിയ്ക്ക് അംഗീകാരം നല്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഓരോ പഞ്ചായത്തുകളിലെയും മൃഗസംരക്ഷണമേഖലയിലെ പശു വളർത്തൽ, ആട് |

| | | | |
|---|---|---|---|
| | | | വളർത്തൽ, കോഴി വളർത്തൽ പദ്ധതികളിൽ താല്പര്യമുള്ളവരെ കണ്ടെത്തി ഗ്രൂപ്പുകളായി തിരിക്കുകയും, ഒരോ വിഭാഗത്തിന്റെയും ആവശ്യപ്രകാരം ഉല്പാദനം, സംഭരണം, വിപണനം, അതുപോലെ ഈ മേഖലയുടെ വളർച്ചയ്ക്ക് വേണ്ട കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളും നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | മണ്ഡലം | മൃഗസംരക്ഷണ ഗ്രാമങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | **നെടുമങ്ങാട്** | പോത്തൻകോട് പഞ്ചായത്ത് |
| 2 | കൊല്ലം | **ചടയമംഗലം** | കുമ്മിൾ പഞ്ചായത്ത് |
| 3 | പത്തനംതിട്ട | **കോന്നി** | മലയാലപ്പുഴ പഞ്ചായത്ത് |
| 4 | ആലപ്പുഴ | **ചേർത്തല** | തണ്ണിർമുക്കം പഞ്ചായത്ത് |
| 5 | കോട്ടയം | **വൈക്കം** | ഉദയനാപുരം പഞ്ചായത്ത് |
| 6 | ഇടുക്കി | **ദേവികുളം** | ദേവികുളം പഞ്ചായത്ത് |
| 7 | എറണാകുളം | **കളമശ്ശേരി** | ആലങ്ങാട് പഞ്ചായത്ത് |
| 8 | തൃശ്ശൂർ | **നാട്ടിക** | പാറളം ഗ്രാമ പഞ്ചായത്ത് |
| 9 | പാലക്കാട് | **മണ്ണാർക്കാട്** | പുതുർ പഞ്ചായത്ത് |
| 10 | മലപ്പുറം | **നിലമ്പൂർ** | പോത്തുകല്ല് ഗ്രാമ പഞ്ചായത്ത് |
| 11 | കോഴിക്കോട് | **നാദാപുരം** | മരുതോങ്കര പഞ്ചായത്ത് |
| 12 | വയനാട് | **സുൽത്താൻ ബത്തേരി** | പുൽപ്പള്ളി പഞ്ചായത്ത് |
| 13 | കണ്ണൂർ | **അഴീക്കോട്** | അഴീക്കോട് പഞ്ചായത്ത് |
| 14 | കാസറഗോഡ് | **കാസർഗോഡ്** | കുമ്പഡാജെ പഞ്ചായത്ത് |